കെ. എസ്. ടി. പി. അനുസരിച്ച് നിർമ്മിക്കുന്ന റോഡുകളും അതിനോട് ചേർന്നുള്ള ഓടകളും

132 [1480] ശ്രീ. സി. പി. മുഹമ്മദ്:
,, കെ. സുധാകരൻ:
,, എം. എം. ഹസ്സൻ:
,, പ്രയാർ ഗോപാലകൃഷ്ണൻ:
,, വി. ജെ. പൗലോസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ടി. പി. അനുസരിച്ച് നിർമ്മിക്കുന്ന റോഡുകളും അതിനോട് ചേർന്നുള്ള ഓടകളും നിശ്ചിതകാലം കേടുകൂടാതെ നിലനിൽക്കണമെന്ന് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം നിർമ്മിച്ച റോഡ്, കലുങ്ക്, ഓട മുതലായവ എവിടെയെല്ലാം പൂർണ്ണമായി തകർന്ന് മഴയത്ത് ഒഴുകിപ്പോയിട്ടുണ്ടെന്നും ഭാഗികമായി തകർന്നിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(സി) ഇവയുടെ റിപ്പയർ പണി ആരാണ് നടത്തേണ്ടതെന്നും ഇതിനുള്ള ചെലവ് ആരാണ് വഹിക്കേണ്ടതെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പണിയുടെ തകരാറുമൂലം ഇങ്ങനെ സംഭവിച്ചിട്ടില്ല.

(സി) പണിയുടെ ഗ്യാരൻറി പിരീഡ്സിനു ള്ളിൽവരുന്ന റിപ്പയർ പണികളും കരാറുകാരൻ സ്വന്തം ചെലവിൽ ചെയ്യേണ്ടതാണ്. ബാദ്ധ്യതാ പിരീഡിനു ശേഷം വരുന്ന അറ്റകുറ്റപ്പണികളും നിലവാര സംരക്ഷണ അടിസ്ഥാനത്തിൽ (പെർഫോമൻസ് ബെയ്സ്ഡ് മെയിൻറനൻസ് കോൺട്രാക്ട്) കരാറുകാരെ ചുമതലപ്പെടുത്തുന്നതിനുള്ള നടപടികളും ചെയ്യുന്നതാണ്. ഇതിനുള്ള ചെലവ് പൊതുമരാമത്ത് വകുപ്പ് നിർവഹിക്കുന്നതാണ്.

കേരള സ്റേറേറ് ട്രാൻസ്പോർട്ട് പദ്ധതിയുടെ വർക്കുകൾ

133 [1481] ശ്രീ. കെ. സി. ജോസഫ്:
ശ്രീമതി മേഴ്സി രവി:
ശ്രീ. ബി. വിജയകുമാർ:
,, എം. മുരളി:
പ്രൊഫ. കെ. വി. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2005 മാർച്ച് 31-ന് മുമ്പ് കേരള സ്റേറേറ് ട്രാൻസ്പോർട്ട് പദ്ധതിയുടെ വർക്കുകൾ സംബന്ധിച്ച് എത്ര ആർബിട്രേഷൻ കേസ്സുകൾ ഫയൽ ചെയ്യപ്പെട്ടു;

(ബി) ഈ കേസ്സുകളിൽ ആകെ എന്തു തുക ഇതുവരെയായി ചെയ്യപ്പെട്ടു;

(സി) ഈ കേസ്സുകൾ നടത്തുവാൻ ഏതെങ്കിലും പ്രത്യേക വക്കീലിൻെറ സേവനം ആവശ്യപ്പെട്ടുകൊണ്ട് പൊതുമരാമത്ത് വകുപ്പിൽ നിന്നും അഡ്വക്കേറ് ജനറൽ ഓഫീസിനോട് ആവശ്യപ്പെട്ടുവോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എങ്കിൽ ആരുടെ സേവനമാണ് ആവശ്യപ്പെട്ടത്; അദ്ദേഹത്തിന് വക്കീലായി എത്ര വർഷത്തെ പരിചയമുണ്ട് എന്നും 2005 മാർച്ച് 31-ന് മുമ്പ് അദ്ദേഹം എത്ര കേസുകളിൽ ഗവൺമെന്റിനുവേണ്ടി ഹൈക്കോടതിയിൽ വാദിച്ചിട്ടുണ്ട് എന്നും വ്യക്തമാക്കാമോ;

(ഇ) ഈ കേസുകളിൽ വാദിക്കുന്നതിന് അദ്ദേഹത്തിന് കൊടുക്കാമെന്നേറ്റ ഫീസ് എത്രയായിരുന്നു;

(എഫ്) ഈ കേസ് സംബന്ധിച്ച് കൂടുന്ന ഔദ്യോഗിക യോഗങ്ങളിൽ പങ്കെടുക്കുന്നതിനുള്ള അദ്ദേഹത്തിന്റെ സിറ്റിംഗ് ഫീസ് എത്രയെന്നാണ് നിശ്ചയിച്ചിട്ടുള്ളത്?

ഉത്തരം

(എ) പതിമൂന്ന് കേസുകളും ഫയൽ ചെയ്തു.

(ബി) ടി 13 കേസുകളിൽ കൃത്യമായ വിവരങ്ങളും അടങ്ങിയ തുകയ്ക്കുള്ള ക്ലെയിം ഉന്നയിച്ചിട്ടില്ല. ആർബിട്രേറ്ററുടെ തീരുമാനം വരുന്ന മുറയ്ക്ക് ക്ലെയിം തുക നിജപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ.

(സി) കെ. എസ്. ടി. പി.-യുമായി ബന്ധപ്പെട്ട കേസുകളിൽ അഡ്വക്കേറ്റ് ജനറൽ ഓഫീസിലെ സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡർ ആയ ശ്രീ. അനിൽ തോമസിന്റെ സേവനം പലപ്പോഴായി ലഭ്യമായിരുന്നതിനാൽ കെ. എസ്. ടി. പി.-യുടെ Steering Committee-യുടെ നിർദ്ദേശപ്രകാരം ടിയാന്റെ സേവനം Arbitration Case കൾക്കും ലഭ്യമാകണമെന്ന് അഡ്വക്കേറ്റ് ജനറൽ ഓഫീസിൽ കത്തയച്ചിരുന്നു.

(ഡി) ഈ വിവരങ്ങൾ ഈ വകുപ്പിൽ ലഭ്യമല്ല.

(ഇ) ഈ കേസുകൾ അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസ് വഴി നടത്തുന്നതുകൊണ്ട് പ്രത്യേകമായി ഫീസ് ഒന്നും കൊടുക്കാമെന്ന് ഏറ്റിട്ടില്ലായിരുന്നു.

(എഫ്) കെ. എസ്. ടി. പി.-യുമായി ബന്ധപ്പെട്ട ചർച്ചകൾ അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസിൽ വച്ച് നടത്തിയതായതുകൊണ്ട് സിറ്റിംഗ് ഫീസ് ഒന്നും നൽകിയിരുന്നില്ല.

മാവേലിക്കര—പത്തനംതിട്ട റോഡ് കെ. എസ്. ടി. പി. ഏറ്റെടുത്തു പരിഷ്കരിക്കുന്നതിന് നടപടി

134 [1482] ശ്രീ. കെ. കെ. ഷാജു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ പ്രധാനപ്പെട്ട പാതകളും കെ.എസ്.ടി.പി. ഏറ്റെടുത്ത് പരിഷ്കരിക്കുമ്പോൾ മാവേലിക്കര—പത്തനംതിട്ട പി. ഡബ്ല്യൂ. ഡി. റോഡ് കെ. എസ്. ടി. പി. ഏറ്റെടുത്ത് പരിഷ്കരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) അടുത്ത ശബരിമല സീസണ് മുമ്പ് മാവേലിക്കര—പത്തനംതിട്ട റോഡ് കെ. എസ്. ടി. പി. ഏറ്റെടുത്ത് പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly